നർമ്മാവലോകനം

# വേണം, നമുക്ക് ശ്വാനമന്ദിരങ്ങൾ!

**സുധീർ പണിക്കവീട്ടിൽ**



ഇത് നമ്മുടെ കേരളത്തിനെ ഇപ്പോൾ അഭിമുഖീകരിക്കുന്ന പട്ടി പ്രശ്നത്തെക്കുറിച്ചുള്ള വേവലാതിയും അതിലേക്ക് അധികാരികളുടെ ശ്രദ്ധതിരിക്കാനുള്ള ഒരു നിവേദനവുമല്ല. അങ്ങനെ ചെയ്യുന്നത്കൊണ്ട് ഒരു ഫലവുമില്ലെന്നറിയാം. എങ്കിലും എന്തു കണ്ടാലും കേട്ടാലും ഉടനെ പേനയെടുക്കുന്നവരും, പഴ്സു തുറക്കുന്നവരും, പൾസ് കൂടുന്നവരുമാണല്ലോ അമേരിക്കൻ മലയാളികൾ. അപ്പോൾ പിന്നെ എന്തെങ്കിലും എഴുതണമല്ലോ? കേരളത്തിൽ മനുഷ്യരും പട്ടികളും കടിപിടി കൂടുന്ന ദുഃഖകരമായ കാഴ്ച്ച് അമേരിക്കപ്പുറത്ത് ഇരുന്ന് (ആനപ്പുറത്ത് ഇരിക്കുന്നവനെ പട്ടി കടിക്കുകയില്ല.) ഒന്നു നോക്കി കാണുകയും ചിലതെല്ലാം കുറിക്കുകയും മാത്രം ലക്ഷ്യമാക്കുകയാണിവിടെ. പണ്ടത്തെ പാവം പട്ടികൾ കുരച്ചാൽ ആരും പടി തുറക്കാറില്ല. എന്നാൽ ഇന്നു അക്രമകാരികളായ പട്ടികൾ മനുഷ്യരെ ഓടിച്ചിട്ട് കടിച്ചിട്ട് അവരുടെ കുര ഗൗനിക്കാതെ വീട്ടിനകത്ത് അടച്ചിരുന്നതിന്റെ പക പോക്കുന്നു. ഇപ്പോഴും പടി പൂട്ടിയിരിക്കുന്നവർ ഈ പട്ടികളെ കൊല്ലരുതെന്നു വാദിക്കുന്നു. ആരാൻറമ്മക്ക് ഭ്രാന്തു പിടിച്ചാൽ കാണാൻ എന്തൊരു രസം.

പരിഹാരമില്ലാത്ത പ്രശ്നങ്ങളില്ല എന്നാൽ പരിഹരിക്കാൻ സമ്മതിക്കയില്ല എന്നു സ്വാർത്ഥതാൽപ്പര്യമുള്ള ബലവാന്മാരായ ഒരു വിഭാഗം കടുമ്പിടുത്തം പിടിച്ചാൽ ഒരു രക്ഷയുമില്ല. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവർ ജനഹിതത്തിനെതിരായി പ്രവർത്തിക്കുമ്പോൾ അവരെ അധികാരസ്ഥാനങ്ങളിൽ നിന്നു ഇറക്കാൻ ശ്രമിക്കുന്നതിനേക്കാൾ അതെപ്പറ്റി വിലപിച്ച്കൊണ്ടിരിക്കയാണു ആർഷഭാരത രീതി. കാറ്റ്നിറച്ച ബലൂൺ പോലെ ഇരിക്കുന്ന അധികാരികളെക്കുറിച്ച് പത്രങ്ങളിൽ, ടി. വി .യിൽ ഒക്കെ വാർത്തകൾ വരുന്നു. പിഞ്ചുകുഞ്ഞുങ്ങളെ കടിച്ച് കീറുന്ന നായയെ കൊല്ലണ്ടന്നു പറയുന്ന “അധികാരിയെ”അല്ലെങ്കിൽ മ്രുഗസ്നേഹിയെ വലിച്ച് താഴെയിടാൻ ജനാധിപത്യത്തിനു കരുത്ത് പോരാത്തത് എത്രയോ ലജ്ജാവഹം. സ്ഥാനം ഒഴിഞ്ഞാൽ ഈ അധികാരം പറയുന്നവർ ആരുമല്ല അവർക്ക് ഒരു അധികാരവുമില്ല എന്നു ആരും മനസ്സിലാക്കുന്നില്ല. കഷ്ടം.

പുരാണങ്ങളും, പുണ്യഗ്രന്ഥങ്ങളും നായുടെ മഹത്വം പുലർത്തിയിട്ടും ഭാരതീയർക്ക് നായ എന്നു പറഞ്ഞാൽ അറപ്പാണു. ഇഷ്ടമില്ലാത്തവരെ നായിന്റെമോനെ എന്നു വിളിച്ച് നായയെ അപമാനിക്കുന്നവരാണു ഭാരതീയർ പ്രത്യേകിച്ച് മലയാളികൾ. കുറച്ച് കാലം മുമ്പ്വരെ മനുഷ്യർ നായക്കളെ അവഗണിച്ചിരുന്നു. യജമാനന്റെ ഉഛിഷ്ടവും, അമേധ്യവും കഴിച്ച് അയാളുടെ കാൽക്കീഴിൽ വാലാട്ടി കിടന്നിരുന്നു പാവം പട്ടികൾ. മനുഷ്യരായാലും,മ്രുഗമായാലും അവഗണിക്കുന്നതിനു ഒരു

പരിധിയൊക്കെ വേണമല്ലോ. നായ മനുഷ്യൻെറ കൂട്ടാളിയായിട്ട് പതിനായിരം വർഷങ്ങൾ കഴിഞ്ഞു. ഇപ്പോൾ നായക്കളുടെ കാലം. അവർക്കും ഒരു നല്ല കാലം വന്നു. മ്രുഗസ്നേഹികളുടെ ചിന്താഗതി അങ്ങനെയായിരിക്കാം.അതുകൊണ്ട് നായയെ ഒരു ഉന്നത സ്ഥാനത്ത് ഇരുത്താൻ അവർ ആലോചിക്കുന്നുണ്ടാകും. വിശ്വസ്തതയുടെ ഒരു ചി□ മാണു നായ. പണ്ട് പണ്ട് ഋഷിമാരുടെ കാലത്ത് മനുഷ്യർക്ക് നായയുടെ വാലു (ശുനപൂഛ) ശുനകൻ, ശുനസ്കർണ്ണൻ ( നായുടെ ചെവി) എന്നൊക്കെ പേരിട്ടിരുന്നത്രെ

ചന്ദ്രനിലേക്കും, ചൊവ്വയിലേക്കും പറക്കാൻ കഴിവുള്ള മനുഷ്യൻ നായുടെ മുമ്പിൽ നിസ്സഹായാനായി നിൽക്കുന്നു. പക്ഷെ ഇത് കേരളത്തിൻെറ പ്രശ്നമാണിപ്പോൾ. സായിപ്പിനെ അനുകരിച്ച് കുരങ്ങൻെറ കൊച്ചുമക്കളായി നായപ്രേമം കൊണ്ടു നടക്കുന്നവർ പരിപാലനത്തിൻെറ കാര്യത്തിൽ ഗൗരവം കാണിക്കാതെ വരുമ്പോൾ മരച്ചില്ലകളിൽ ട്രപ്പീസ് കളിക്കാൻ കൂടി പഠിക്കണം എന്നു നായക്കൾ മനുഷ്യരെ ഉപദേശിക്കുന്നു. പട്ടി കടിക്കാൻ വന്നാൽ ഉടനെ മരത്തിൽ കയറി രക്ഷപ്പെടണമെന്നു മേനക ഗാന്ധി പറഞ്ഞുവത്രെ. മേനക ഗാന്ധിക്ക് മ്രുഗസ്നേഹം ഉണ്ടായത് അവരുടെ കാര്യം. പക്ഷെ ആ സ്നേഹം മറ്റ് മനുഷ്യർക്ക് ഉപദ്രവമാകാതിരിക്കണമല്ലോ. കഷ്ടക്കാലത്തിനു പട്ടികളിൽ നിന്നു രക്ഷപ്പെടാൻ വേണ്ടി മരത്തിൽ കയറാൻ കേരളത്തിൽ മരങ്ങളില്ലെന്നു അവർക്കറിയില്ലല്ലോ. അവർ സസ്യശ്യാമളകോമള, വ്രുക്ഷ-ലതാതികളാൽ സമ്പന്ന കേരളത്തെപ്പറ്റി പുസ്തകത്തിൽ വായിച്ചത് ഓർക്കയായിരിക്കും. കായലും പുഴകളും കതിരണി വയലിനു കസവിട്ടു ചിരിച്ചിരുന്ന കൊച്ചു കേരളത്തിൽ ഇപ്പോൾ ബഹുനില കെട്ടിടങ്ങളും കൊട്ടാരങ്ങളുമാണു. പണി ചെയ്യാൻ മനസ്സില്ലാത്ത അവിടത്തെ മനുഷ്യർ ബംഗാളിൽ നിന്നും ഒറിസ്സയിൽ നിന്നും പണിക്കാരെ ഇറക്കി മലയാളനാടിനെ "ഉത്ക്കല-ബംഗ-കേരളമാക്കി എന്നു മേനക ഗാന്ധി അറിയുന്നുണ്ടായിരിക്കയില്ല. മഹാകവി ടാഗോർ "ദ്രാവിഡ" എന്നെഴുതിയത് ഇപ്പോൾ അവിടെ നടക്കുന്ന ആര്യാധിനിവേശം മൂലം സമീപഭാവിയിൽ വിവാദമാകാൻ സാദ്ധ്യതയുണ്ട്. ''നായിൻെറമക്കളെ പേടിച്ചാരും നേർവഴി നടപ്പീല, കേരളവാസി ജനം...''.പരശുരാമാ ഒരു മഴു ഞങ്ങൾക്കും തരൂ കയ്യിൽ കരുതാൻ പട്ടിദംശനത്തിൽ നിന്നും രക്ഷ നേടാൻ, ഇങ്ങനെ വിലാപവും ഉടനെ കേൾക്കാവുന്നതാണു.

നായുടെ കടി വാങ്ങി വയറ്റിൽ ഇഞ്ചക്ഷൻ ചെയ്യാൻ ആസ്പത്രിയിൽ ചെല്ലുമ്പോൾ നായയെക്കാൾ മ്രുഗീയമായി കുരച്ച് കടിക്കാൻ നിൽക്കുന്ന ആസ്പത്രികൾ. എവിടേയോ വായിച്ചത് ഓർമ്മ വരുന്നു. പേപ്പട്ടി വിഷത്തിനെതിരെ കുത്തിവയ്ക്കുന്ന മരുന്നുണ്ടാക്കുന്ന കമ്പനികൾക്ക് ഈ ഇനത്തിൽ വാർഷിക വരുമാനം 2500 കോടി രൂപയാണത്രെ. അവർ ഒരിക്കലും പട്ടികളെ കൊല്ലാൻ കൂട്ടു നിൽക്കില്ല. അതിൻെറ **പത്തു ശതമാനം അതായ്ത് 250 കോടി രൂപ ഭരണാധികാരികൾക്ക് കിട്ടുന്നുണ്ടെന്നു വിചാരിക്കുക. അവരിലെ ഇലനക്കി പട്ടികളും, ചിറിനക്കി പട്ടികളും,** പട്ടിദംശനം കൊണ്ട് മനുഷ്യൻ ബുദ്ധിമുട്ടുന്നതൊന്നും കാണുകില്ല. അവരുടെ ബാങ്ക് അക്കൗൺറ് ബാലൻസായി നിൽക്കുന്നത് മാത്രം കാണുന്നു. പൊതുജനം എന്ന കന്നിപ്പട്ടി വെറുതെ മോങ്ങാനിരിക്കുന്നു. ഭാഗ്യം നാട്ടിൽ തെങ്ങുകൾ കുറഞ്ഞത്കൊണ്ട് നാളികേരം അവരുടെ തലയിൽ വീഴുകയില്ല. പട്ടി കടിക്കുമ്പോഴത്തെ വേദനയും അതിൻെറ ചികിത്സക്കായുള്ള പണവും പട്ടികളുടെ വക്കീലന്മാർ തരുന്നില്ലല്ലോ. പിന്നെന്തിനാണു ആ പട്ടികളുടെ കുര ബാക്കിയുള്ളവർ കേൾക്കുന്നത് എന്നാണു അത്ഭുതം. അപ്പോൾ നമ്മളൊക്കെ 2500 കോടിയും അതിൻെറ പത്തു ശതമാനവും എന്ന കണക്ക് വെറുതെ ആലോചിച്ച് പോകുന്നു.

പട്ടികളെ കൊല്ലരുതെന്നു വാശിപിടിക്കുന്ന മ്രുഗസ്നേഹികളെ വെറുതെ വിടുക. അവർക്കാർക്കും തെരുവു നായ്ക്കളുടെ കടി കൊള്ളുകയില്ലെന്നു ഉറപ്പുള്ളവരാണവർ. അവരുടെ എതിർപ്പ് എന്തിനു കണക്കിലെടുക്കുന്നു. അവർ ഭാവനാലോകത്ത് വിഹരിക്കുന്നവരാണു. നായയുടെ സ്നേഹത്തെപ്പറ്റി, വിശ്വസ്തതയെപ്പറ്റി വായിച്ച്കേട്ട് അതിൻെറ സ്വാധീനത്തിലാണു, യാഥാർത്യങ്ങളിൽ നിന്നും അവർ അകലെയാണു. (അല്ലെങ്കിൽ അവർ മരുന്നു കമ്പനിക്കാരുടെ കാവൽപട്ടികളായിരിക്കാൻ വഴിയുണ്ട്.)

അവരെ എങ്ങനെ നമുക്ക് കുറ്റപ്പെടുത്താൻ കഴിയും. സ്വർഗാരോഹണ സമയത്ത് കൂടെയുണ്ടായിരുന്ന നായയെ സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കണമെന്നു യുധിഷ്ഠരൻ നിർബന്ധം പിടിച്ചു. അതിനു വകുപ്പില്ലെന്നു സ്വർഗ്ഗവാതിൽ കാക്കുന്നയാൾ പറഞ്ഞപ്പോൾ എന്നാൽ തനിക്ക് സ്വർഗം വേണ്ടെന്ന് പറഞ്ഞ പാണ്ഡവനെ അനുകരിക്കാൻ ശ്രമിക്കയായിരിക്കും ഈ മൃഗസ്നേഹികൾ. എന്നാൽ അവരറിയുന്നില്ല അതു സാധാരണ പട്ടിയായിരുന്നില്ലെന്നു. ജപ്പാനിലെ ഒരു റെയിൽവെസ്റ്റേഷന്റെ മുന്നിൽ ഒരു നായയുടെ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. ഒരു കോളേജ് പ്രൊഫസ്സർ വളർത്തിയിരുന്ന നായ അദ്ദേഹം വണ്ടിയിറങ്ങി വരുന്ന നേരം നോക്കി അദ്ദേഹത്തെ അനുധാവനം ചെയ്യാൻ എത്തിയിരുന്നു. അങ്ങനെയിരിക്കെ അദ്ദേഹം മരിച്ചു. പക്ഷെ അതറിയാതെ ഒമ്പത് വർഷം അതിന്റെ മരണം വരെ ആ നായ തന്റെ യജമാനനെ തിരക്കി സ്റ്റേഷനിൽ വന്നു. ഇംഗ്ലീഷ് കവി വേഡ്സ്വർത്ത് അദ്ദേഹത്തിന്റെ “ഫിഡലിറ്റി” എന്ന കവിതയിൽ ഒരു നായയുടെ യജമാനസ്നേഹത്തിന്റെ മഹത്വം വിവരിക്കുന്നുണ്ട്. ഉന്നതാഭിലാഷങ്ങൾ ഉണ്ടായിരുന്ന ഒരു കലാകാരൻ തന്റെ നായയുമായി പോകുമ്പോൾ ഒരു മലയിടുക്കിൽ വീണു മരിക്കുന്നു. മനുഷ്യവാസം ഇല്ലതിരുന്ന ആ ഭൂപ്രദേശത്ത് ഡിസമ്പർ മാസത്തിലെ മഞ്ഞ് ജൂലായ് മാസം വരെ മൂടികിടക്കുന്ന ഗുഹപോലെയുള്ള മലയിടുക്കിൽ തന്റെ യജമാനൻ മരിച്ചോ, ജീവിച്ചോ എന്നറിയാൻ കഴിയാതെ ആ നായ അവിടെ മൂന്നു മാസത്തോളം കാവൽ നിന്നു. നായുടെ ദയനീയമായ മുരൾച്ച കേട്ട ഏതൊ ആട്ടിടയൻ അന്വേഷിച്ച് ചെന്നപ്പോൾ തന്റെ യജമാനന്റെ അപ്പോഴേക്കും അസ്ഥിപജ്ഞരമായ ശരീരത്തിനു ചുറ്റും നടക്കുന്ന നായയെ കണ്ടു. മനുഷ്യന്റെ കണക്കുകൂട്ടലുകൾക്കപ്പുറം നായയുടെ ഉദാത്തമായ സ്നേഹത്തിന്റെ ചിത്രം അവിടെ കണ്ടെന്നു കവി എഴുതുന്നു. കേരളത്തിലെ ചൊക്ലി പട്ടികൾ മനുഷ്യമാംസം കടിച്ച് കീറികൊണ്ട് അവരുടെ വംശത്തിന്റെ യജമാനസ്നേഹത്തിനും, വിശ്വസ്തതക്കും കളങ്കമേൽപ്പിച്ചു

അന്ധമായ ഭക്തിയും അന്ധമായ ആരാധനയുമുള്ളവരാണു കേരളീയർ. ഒരു വിഭാഗം ജനങ്ങളും സർക്കാരും ചില പ്രശ്നങ്ങൾ പരിഹരിക്കാൻ വിലങ്ങ് തടിയായി നിൽക്കുമ്പോൾ ആൾദൈവങ്ങളും, മന്ത്രവാദങ്ങളും അവിടെ പൊടി പൊടിക്കും.നായുടെ കടി കൊള്ളാതിരിക്കാൻ അരയിൽ കെട്ടാൻ ജപിച്ച ഏലസ്സുകൾ ഉടനെ വിപണിയിൽ വിൽപ്പനക്കെത്തും. അല്ലെങ്കിൽ നായമ്പലങ്ങൾ വരും. ( നായരമ്പലം ഇപ്പോൾ ഉണ്ട്, അത് നാഗർക്കുള്ള (പാമ്പ്) അമ്പലമെന്നതിൽ നിന്നും പരിണമിച്ച് നായരമ്പലം ആയതാണു) ശുനകപൂജക്കു ഇറച്ചി പൊതികളുമായി ജനം ശ്വാനമന്ദിരങ്ങളിലേക്ക് പോകും. ആഹാരം കൊടുക്കുന്ന കൈക്ക് കടിക്കാത്തവരാണല്ലോ ഈ ശുനകന്മാർ.

പൂജ ബ്രഹ്മണന്റെ കുത്തകയായത് കൊണ്ട് നായമ്പലത്തിൽ അവർ തന്നെ അതു ചെയ്യേണ്ടി വരും. ബ്രഹ്മണർക്ക് അതിൽ അപകർഷതാബോധം തോന്നേണ്ട കാര്യമില്ല. ഭാരതത്തിലെ ഉപനിഷത്തുക്കളിലും, രാമായണം, ഭാരതം തുടങ്ങിയ ഇതിഹാസങ്ങളിലും നായയെ കുറിച്ച് പറയുന്നുണ്ട്. ആദ്യമായി നായയെ കുറ്റന്വേഷണത്തിനു ഉപയോഗിച്ചത് ഇന്ദ്രനാണത്രെ. ആരൊ കട്ടുക്കൊണ്ടുപോയ അദ്ദേഹത്തിന്റെ പശുക്കളെ കണ്ടുപിടിക്കാൻ ശക്തിശാലിയായ ഒരു പക്ഷിയെ നിയോഗിച്ചു. എന്നാൽ പക്ഷി സത്യസന്ധതയോടെ ദൗത്യം പൂർത്തിയാക്കിയില്ല. ഇന്നത്തെ സർക്കാർ ഉദ്യോഗസ്ഥരെപോലെ കൈക്കൂലി വാങ്ങി ഏതൊ വലിയ കൊമ്പിലിരുന്നു വിശ്രമിച്ചു. പിന്നെയാണു ഇന്നു കാണുന്ന എല്ലാ പട്ടികളുടേയും മാതാവായ സരമ്മയെ വിടുന്നത്. അത് വിജയിച്ചു. കള്ളന്മാർ പോയ വഴികൾ പിൻതുടർന്നു ചെന്നു അവൾ പശുക്കളെ കണ്ടുപിടിച്ചു. അന്നു മുതൽ നായക്കളുടെ സ്ഥാനം ഉയർന്നു. മനുഷ്യരുടെ ആത്മാവ് കൊണ്ട് പോകാൻ കാലൻ വരുന്നത് പട്ടികളുമായിട്ടാണു. തട്ടിപ്പ്വീരനായ മനുഷ്യൻ യമന്റെ കണ്ണുവെട്ടിച്ച് രക്ഷപ്പെട്ടാലോ എന്നു ഭയന്നായിരിക്കും പട്ടികളെ കൂട്ടിനു കൊണ്ട് വരുന്നത്.. ഒരു പക്ഷെ കേരളത്തിൽ ഒരു വലിയ ആപത്ത് വരാനുള്ളതിന്റെ സൂചന തരാൻ പട്ടികൾ പെറ്റു പെരുകുന്നതായിരിക്കും. മനുഷ്യരെക്കാൾ 3000 മടങ്ങ് കൂടുതൽ ഘ്രാണശക്തി പട്ടികൾക്കുണ്ടത്രെ. മരണദൂതന്മാർ വരുമ്പോൾ ,എന്തോ കണ്ടപോലെ നായക്കൾ ഓളിയിടുന്നു പിന്നെ കുരച്ച് ചാടുന്നു. കേരളത്തിലെ മലയാളികളെ കണ്ടാൽ കാലന്മാരെന്നു നായക്ക് തോന്നുന്നത്കൊണ്ടായിരിക്കുമോ ഈ ആക്രമണം? കേരളത്തിൽ ഒരു ശ്വാനമന്ദിരത്തിനു എല്ലാ സാദ്ധ്യതകളും ഉണ്ട്. കർണ്ണാടകയിലെ രാംനഗർ താലൂക്കിൽ ഒരു ശ്വാനക്ഷേത്രം ഇപ്പോൾ നിലവിലുണ്ട്.

നായുടെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടാൻ നായക്കൾക്ക്വേണ്ടി കേരളത്തിൽ അമ്പലങ്ങൾ വരാൻ പോകുന്നു എന്ന വാർത്ത വരാൻ ഇനി അധികം താമസമില്ല.

ശുഭം